തയ്യാറാക്കിയിട്ടുള്ളത്. ഇത് തയ്യാറാക്കുമ്പോൾ ഓരോ ഘട്ടത്തിലേയും വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ, ക്ലാസ് റൂം യാഥാർത്ഥ്യങ്ങൾ, അദ്ധ്യാപക-വിദ്ധ്യാർത്ഥി ബന്ധം, സമൂഹത്തിന്റെ ഇടപെടൽ നാഷണൽ കോർ കരിക്കുലം തുടങ്ങിയവ അടിസ്ഥാനമായി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) സമീപനരേഖ ആധാരമാക്കി വിവിധ തലങ്ങളിൽ വിശദമായ കരിക്കുലം രൂപപ്പെടുത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ഇ) കരട് സമീപനരേഖ വിവിധ തലങ്ങളിൽ ചർച്ച ചെയ്തുകഴിഞ്ഞു. അതിന് ശേഷമാണ് രേഖ അംഗീകരിച്ചത്.

ഓപ്പൺ സ്കൂൾ പ്രവർത്തനം

68 (2943) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഓപ്പൺ സ്കൂൾ പ്രവർത്തനം സ്വതന്ത്ര ചുമതലയുള്ള സ്വയംഭരണ സ്ഥാപനമായി മാറ്റുവാൻ സർക്കാരിന്, എന്തെങ്കിലും പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനായി പ്രൊജക്ട് തയ്യാറാക്കുകയോ പ്രോജക്ട് തയ്യാറാക്കുവാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ ;

(സി) ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന ഓപ്പൺ സ്കൂൾ എൻ. സി. ഇ. ആർ. ടി യുടെ ഒരു യൂണിറ്റായി കാര്യക്ഷമമായി പ്രവർത്തിച്ചു വരികയാണ്. ഇത് ആവശ്യമെന്ന് കണ്ടാൽ സ്വയംഭരണ സ്ഥാപനമായി മാറ്റുന്ന കാര്യം പരിഗണിക്കും.

(ബി) ഇതിനുവേണ്ട പ്രോജക്ട് റിപ്പോർട്ട് നേരത്തെ തയ്യാറാക്കിട്ടുണ്ട്.

(സി) നാഷണൽ ഓപ്പൺ സ്കൂളിന്റെ ചെയർമാനായിരുന്ന ശ്രീ. മോഹൻ മേനോനാണ് ഈ പ്രൊപ്പോസൽ തയ്യാറാക്കിയത്.

പഞ്ചായത്ത് സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക നിയമനം

69 (2944) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പഞ്ചായത്ത് സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ നിയമന ചുമതല ഇപ്പോൾ ആർക്കാണ് ;

(ബി) പ്രസ്തുത സ്കൂളുകളിൽ അദ്ധ്യാപകരെയും മറ്റിതര ജീവനക്കാരെയും നിയമിച്ചിട്ട് ഇപ്പോൾ എത്ര വർഷം കഴിഞ്ഞു ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പല പഞ്ചായത്ത് സ്കൂളുകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പോലും സമയത്ത് നിയമനം നടത്താറില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇപ്രകാരം അദ്ധ്യാപകരില്ലാത്തതു നിമിത്തം പഞ്ചായത്തു സ്കൂളുകളിലെ വിദ്യാർത്ഥികൾക്കു വർഷാവസാനമായാൽപോലും പാഠ്യവിഷയങ്ങൾ പഠിപ്പിക്കാതിരിക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന് പരിഹാരം കാണുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) പഞ്ചായത്ത് സെക്രട്ടറിക്ക്

(ബി) ഓരോ വർഷവും സ്റ്റാഫ് ഫിക്സേഷൻ പ്രകാരം അനുവദിക്കുന്ന തസ്തികകളിൽ ഒഴിവുണ്ടാകുമ്പോൾ നിയമിക്കുവാൻ വ്യവസ്ഥയുള്ളതുകൊണ്ട് ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ഇല്ല. നിലവിലുള്ള ഒഴിവുകൾ നികത്തുവാൻ വ്യവസ്ഥകൾ നിലവിലുണ്ട്.

പെരുമാതുറ ഗവൺമെന്റ് സ്കൂളിൽ 6-ാം ക്ലാസ് ഡിവിഷൻ അനുവദിക്കണമെന്ന ആവശ്യം

70 (2945) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമാതുറ ഗവൺമെന്റ് സ്കൂളിൽ 6-ാം ക്ലാസ് ഡിവിഷൻ അനുവദിക്കുന്നതിന് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) 125 കൊല്ലം പിന്നിടുന്ന 5-ാം ക്ലാസ് വരെ നിലവിലുള്ള ഈ സ്കൂളിൽ 6-ാം ക്ലാസ് കൂടി അനുവദിക്കപ്പെടേണ്ടതാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(സി) ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെല്ലാം അനുകൂല റിപ്പോർട്ട് നൽകിയ കാര്യം ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ ;

(ഡി) മൂന്നുവശവും വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന പെരുമാതുറ മാടൻവിള മേഖല വിദ്യാഭ്യാസപരമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന കാര്യം സർക്കാരിനറിയുമോ ;

(ഇ) പെരുമാതുറ ഗവൺമെന്റ് സ്കൂളിൽ 6-ാം ക്ലാസ് അടുത്ത അദ്ധ്യയനവർഷം മുതലാരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly